

INFANT JESUS HS
VAZHAKULAM
തീർത്ഥം

## ഉള്ളടക്കം


വൈക്കം മുഹമ്മദ് ബഷീർ.....2
സൗന്ദര്യത്തിൽ ഒരു മഴ.....4
മഴ.....5
ഒരു നല്ല അപ്പന്റെ ചാവരുൾ.....7
അമ്മയും കുഞ്ഞും.....10
മാഗ് ലെവ്ട്രെയിനുകൾ – ചക്രങ്ങളില്ലാത്ത അതിവേഗ ട്രെയിനുകൾ.....12
മഴക്കാലം.....14
പെയ്തൊഴിയുമ്പോൾ.....16
സ്നേഹം.....17
തെയ്യം.....19
ഐ.ടി. ക്വിസ്.....20
സമയം ഒരു വിസ്മയം.....22
സമയം ഒരു വിസ്മയം.....23
പഴഞ്ചൊല്ലുകൾ.....24
ചെർണോബിൽ ദുരന്തം.....25
മുന്നറിയിപ്പ് നൽകി ശാസ്ത്രലോകം.....26

# വൈക്കം മുഹമ്മദ് ബഷീർ



മലയാള സാഹിത്യമണ്ഡലത്തിൽ ഇതിഹാസ തുല്യമായ ഒരു സ്ഥാനം അലങ്കരിക്കുന്ന കഥാകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. ലളിതമായതും നർമ്മരസം തുളുമ്പുന്നതുമായ സവിശേഷമായ ഒരു രചനാരീതിയാണ് അദ്ദേഹത്തിൻറെ ചെറുകഥകൾക്കും നോവലുകൾക്കുമെല്ലാം പൊതുവെയുള്ളത്. എന്നാൽ ശക്തമായ ആക്ഷേപഹാസ്യവും ചിലപ്പോൾ രൂക്ഷ പരിഹാസം തന്നെയും വരികൾക്കിടയിൽ ഒളിപ്പിച്ച് വച്ച് വായനക്കാരെ കേവലാഹ്ലാദത്തിൽ നിന്ന് ആഴത്തിലുള്ള ചിന്തകളിലേക്ക് ഉയർത്തിക്കൊണ്ടു പോകുന്ന ബഷീർശൈലി താരതമ്യങ്ങൾക്കതീതമാണ്. ഒരു സ്വാതന്ത്ര്യസമര സേനാനിയും മാനവികതാവാദിയെന്ന നിലയിലും മലയാളത്തിൻറെ ഈ പ്രിയ കഥാകാരൻ വേറിട്ടൊരു സ്ഥാനം തന്നെയായിരുന്നു അലങ്കരിച്ചിരുന്നത്.

കോട്ടയം ജില്ലയിൽ വൈക്കത്തിനടുത്തുള്ള തലയോലപ്പറമ്പിലെ ഒരു മരവ്യാപാരിയുടെ മൂത്തമകനായി ജനിച്ച ബഷീർ ബാല്യത്തിൽ തന്നെ ഗാന്ധിയൻ ചിന്തകളിലും ആദർശങ്ങളിലും ആകൃഷ്ടനായിത്തീർന്നിരുന്നു. സ്വാതന്ത്ര്യ സമരരംഗത്ത് പ്രവർത്തിക്കുകയും ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്ത് ജയിൽവാസം അനുഭവിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന് ഇന്ത്യയുടെ നാനാഭാഗങ്ങളിൽ സഞ്ചരിച്ച് ഒരു പക്ഷെ അലഞ്ഞു നടന്ന് നേരിട്ട് പഠിച്ച ജീവിതാനുഭവങ്ങൾ ബഷീറിൻറെ രചനകൾക്ക് ഏറെ പ്രചോദനമേകിയിട്ടുണ്ട്. അദ്ദേഹത്തിൻറെ പ്രമുഖ കൃതികളെല്ലാം തന്നെ അന്യഭാഷകളിലേക്ക് വിവർത്തനെ ചെയ്യപ്പെട്ടിട്ടുണ്ട്. വൈക്കം മുഹമ്മദ് ബഷീർ എന്ന മലയാള സാഹിത്യകാരൻറെ കീർത്തി അങ്ങനെയാണ് ലോകം മുഴുവനുമെത്തുന്നത്. പാത്തുമ്മയുടെ ആട്, ബാല്യകാലസഖി, മതിലുകൾ, പ്രേമലേഖനം, അനർഘനിമിഷം എന്നിവയാണ് ഈ അനശ്വരകഥാകാരൻറെ പ്രമുഖ കൃതികളിൽ ചിലത്.

അന്യാദൃശ്യമായ പ്രമേയങ്ങൾ, അന്യൂനമായ പാത്രസൃഷ്ടി, അനുപമമായ ആഖ്യാനശൈലി എന്നിവയായിരുന്നു, ബേപ്പൂർ സുൽത്താൻ എന്ന് സ്നേഹവായ്പോടെ മലയാളികൾ വിളിച്ചിരുന്ന ബഷീറിൻറെ കൃതികളുടെ സവിശേഷത. പ്രണയം, ദാരിദ്ര്യം, പരുക്കൻ ജീവിത യാഥാർത്ഥ്യങ്ങൾ എന്നിങ്ങനെ സുൽത്താൻറെ തൂലികയ്ക്ക് വിഷയീഭവിക്കാത്തതായി ഒന്നുമില്ല. ഉന്നത ജാതീയനായ കേശവൻ നായരുടെയും തൊഴിൽ രഹിതയായ ക്രിസ്ത്യൻ യുവതി സാറാമ്മയുടെയും നർമ്മം തുളുമ്പുന്ന പ്രണയ കഥയായ 'പ്രേമലേഖന'ത്തോടെയാണ് ബഷീർ സാഹിത്യ പ്രവേശം നടത്തിയത്. പിലക്കാലത്ത് മലയാളത്തിൽ വികാസം പ്രാപിച്ച പല ഭാവുകത്വധാരയുടെയും ആരംഭം കുറിച്ചത് ബഷീറായിരുന്നു. മലയാള പുരോഗമന സാഹിത്യത്തിൻറെ മുഖ്യ പ്രയോക്താക്കളിൽ ഒരാളും കൂടിയായിരുന്നു വൈക്കം മുഹമ്മദ് ബഷീർ.

1970 ൽ സാഹിത്യ അക്കാദമി അവാർഡിനർഹനായി, ബഷീർ. 1982 ൽ പത്മശ്രീ പുരസ്കാരം നൽകി രാഷ്ട്രം മഹാസാഹിത്യകാരനെ ആദരിച്ചു. അതേ വർഷം തന്നെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും അദ്ദേഹത്തെ തേടിയെത്തി.

അഖില അശോക്കുമാർ

# സൗന്ദര്യത്തിൽ ഒരു മഴ

പവിഴത്തിൽ മുത്തുകൾപ്പോൾ
പാരിൻ പച്ചപ്പിലേക്കാർനിറങ്ങുന്ന
വെൺമയ്ർന്ന പൂനൂലുകൽപ്പോൾ
എൻറ്റെ മനസ്സിൽ സന്തോഷത്തിൽ
സൗര്യത്തിൽ ലഹരികൾ നിറയ്ക്കുന്ന
ആഘോഷത്തിൽ അനു-
ഭൂതിയെൻ മഴ

സൗന്ദര്യത്തിൻ തുമ്പിയാണെൻ മഴ
ചിലപ്പോൾ ഹൃത്തിൻ
ഗാംഭീരത്തിന്നിങ്ങനെ
പലമുഖങ്ങളിൽതിളങ്ങുന്ന മഴ

അനില ഉണ്ണികൃഷ്ണൻ

# മഴ

അജിൻ ബാബു

2018 ആഗസ്റ്റ്17 സമയം 10 മണി.

ശക്തമായമഴ.നാടെങ്ങുംവെള്ളംപൊങ്ങിയിരിക്കുന്നു.തോട്ടും നാട്ടും ഒന്നായ സമയം ഏതാനും വഞ്ചികൾ അവിടിവിടായി കാണുന്നു. അതിലൊന്നിലിരുന്ന് ഇരുപത്തേഴുവുകാരനായ എഡ്വിൻ സമയം നോക്കി 10 മണി. ഇന്നലെ ഉച്ചക്ക് ഭക്ഷണം കഴിച്ചതാണ് വെള്ളത്തിൽ മുങ്ങിക്കിടക്കുന്നവരെ കുറിച്ചോർത്തപ്പോൾ അവരെ രക്ഷിക്കാനായി പുറപ്പെട്ടതിൽ പിന്നെ ഭക്ഷണത്തെക്കുറിച്ചോർത്തതെയില്ല . വിവാഹം കഴിഞ്ഞിട്ട് 5 ദിവസമേ ആയുള്ളൂ. തന്റെ ഭാര്യഎന്തെടുക്കുകയാണെന്നവൻ ഓർത്തു.തന്നെ ഈ സാഹസത്തിന് നിർബദ്ധിച്ചത് അവളാണ്. മഴ മൂലം വെള്ളെപൊക്കത്തെ നേരിടുന്നവരെ സഹായിക്കാൻ മുക്കുവൻമാരൊടൊപ്പം പോകാൻ പറഞ്ഞപ്പോൾ താൻ വിസമതിച്ചു. അപ്പോൾ അവളുടെ ചോദ്യം ഇതാണ്."നിങ്ങളുടെ അച്ചനും അമ്മയ്ക്കും ഒരാപത്ത് വന്നാൽ നിങ്ങൾ രക്ഷിക്കില്ലെ? ഈ ലോകം മൊത്തം ഒരു കുടുബമാണ്. ഓരോരുത്തരും കുടുബമാണ്. ഈ ലോകത്തെ മനുഷരുമൊത്തം പരസ്പരംബന്ധപെട്ടിരിക്കുന്നു. അപ്പോൾ സഹോദരങ്ങൾ ആപത്ത്പറ്റിയാൽ നമ്മൾ രക്ഷിക്കണം. അവളുടെ ഈ വാക്കുകൾ ഓർത്ത് അവളണിയിച്ച വിവാഹമോതിരത്തിൽ അവൻ തലോടി. അവളുടെ ഈവാക്കുകൾ അചഛ്നും അമ്മയും അംഗീകരിച്ചു . അമ്മ വിളബിയ ചോറാണ് തൻെറ വായിലേക്ക് അവസാനമായി ചെന്നത് എന്നോർത്ത് അവനിരുന്നു ഇതിനകം ഇരുപതോളം പോരെ തങ്ങൾക്ക് രഷിക്കാനായി. ഇതെല്ലാം ആലോചിച്ച് ഇരുന്നപ്പോൾ സമയാ പോയതവൻ അറിഞ്ഞില്ല. വെള്ളം മാറിയ ഒരു പ്രദേത്തേക്ക് ബോട്ടുകൾ എത്തി. പുറകേ വന്ന വഞ്ചിക്കാരൻെറ കൈയിൽ ഓരോരുത്തർക്കുമുള്ള പൊതിചോറായിരുന്നു. ഒഴിഞ്ഞ സ്ഥലത്തിരുന്ന് എല്ലാവരും ഭക്ഷണം കഴിച്ചു. അന്നേരം അവരുടെ ഫോണിൽ ഒരു വിളി വന്നു. എഡ്വിൻ ഭക്ഷണം കഴിച്ചുകഴിഞ്ഞതുമൂലം അവനാണ് ഫോൺ എടുത്തത് . ഭ്രതത്താൻകെട്ടിൽ അഞ്ചുപേർ കുടുങ്ങിയിട്ടുണ്ട്. അവരുടെ പോലുള്ള മറ്റൊരുസംഘം അവരെ അറിയിച്ചു. ഇവരാണ് ആ ഭാഗത്തുള്ളവരെ രക്ഷിച്ചിരുന്നത്. എഡ്വിൻ എല്ലാം വ്യക്തമായി കേട്ടു. സ്ഥലം അടുത്താണ്. അവരാണെങ്കിൽ ഭക്ഷണം കഴിച്ചു കഴിഞ്ഞിട്ടില്ല അഞ്ചുപേരെ രക്ഷിക്കാൻ ഒരാൾ ഒരു ബോട്ടുമായി പോയാൽ മതിയെന്നുകരുതി എഡ്വിൻ

അവരോട് പറഞ്ഞ് ഒരുബോട്ട് കൊണ്ടുപോയി. സമയം കുറേയായിട്ടും അവനെ കണ്ടില്ല . അപ്പോൾ ഒരു ഫോൺ വിളി വന്നു. അതിൽ ആ അഞ്ചു പേരും സുരക്ഷിതസ്ഥലത്തെത്തി എന്നായിരുന്നു സന്ദേശം. എന്നാൽ എഡ്വിൻനല്ല മറിച് നാവികസേനയുടെ ഹെലികോപ്റ്ററിലാണ് അവരെ എത്തിച്ചത് എന്നു പറഞ്ഞു. അവൻ എവിടെയാണെന്ന് അന്വേഷിച്ചിട്ടും അവർക്കുത്തരം കിട്ടിയില്ല. പിറ്റേന്ന് രണ്ട്ദിവസം മഴക്ക് കുറവുണ്ടായിട്ടും അവരുടെ ആശങ്കയ്ക്ക് കുറവുണ്ടായില്ലാ. വീട്ടുകാരും മുക്കുവരും അവനെ, അഞ്ചുപേർ കുടുങ്ങിയെന്നു പറയുന്ന ഭാഗങ്ങളിൽ തിരഞ്ഞു. എന്നാൽ ലോകം മുഴുവൻ കുടുംബമായി കണ്ട ഒരു കുടുംബത്തിലെ, ജീർണിച്ച് തുടങ്ങിയ വിവാഹമോതിരമിട്ട അയാളുടെ ആ ശരീരം അവരാരും കണ്ടതേയില്ലാ.

അഞ്ചന ബാബു

## ഒരു നല്ല അപ്പന്റെ ചാവരുൾ



1 ഒരു നല്ല ക്രിസ്ത്യാനി കുടുംബം സ്വർഗ്ഗരാജ്യത്തിന് സാദൃശ്യമത്രെ. രക്തത്താലും സ്നേഹത്താലും ബന്ധപ്പെട്ടവർ, കാരണവൻമാരോടും തമ്മിൽ തമ്മിലും, അനുസരണത്തോടും ആദരവോടെയും പരസ്പര ഐക്യത്തിലും വർത്തിക്കണം.ഓരോ വ്യക്തിയും തന്റെ ജീവിതാന്തസിനോട് നീതി പുലർത്തണം. എല്ലാ പ്രവർത്തന രംഗങ്ങളിലും, ആത്യന്തികമായി, നിത്യരക്ഷയെ ലക്ഷ്യം വച്ച ജീവിക്കണം.

2 നല്ല വളർത്തലിനും സംരക്ഷണത്തിനുമായി നിങ്ങൾക്ക് നൽകപെട്ടിരിക്കുന്ന ദൈവനിക്ഷേപങ്ങളാണ് നിങ്ങളുടെ മക്കൾ തന്റെ തിരുരക്തത്താൽ വിശുദ്ധീകരിക്കുന്നതിനും, ശുശ്രൂഷികളാക്കുന്നതിനും, വിധി ദിവസത്തിൽ തിരിച്ചേൽപ്പിക്കുന്നതിനുമായി, ഈശോമിശിഹാ നിങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന ആത്മാക്കളാണ് അവർ.

3 കുടുംബാഗങ്ങൾ തമ്മിലുള്ള സ്നേഹ ബന്ധം അടിയുറച്ച താ യി രിക്കണം' എങ്കിൽ അനുഭവവേദ്യമാകുന്ന സ്നേഹവും, ശാന്തിയും, സൗഹൃദവും വഴി, ഈ ലോകജീവിതത്തിൽ നേരിടേണ്ടതായി വരുന്ന ദു:ഖങ്ങളെയും പ്രതിസന്ധികളെയും അതിജീവിക്കുവാൻ നിങ്ങൾക്ക് കഴിയും.

4 കുടുംബാന്തരീക്ഷത്തിൽ നല്ല ക്രമവും സമാധാനവും നിത്യരക്ഷയെക്കുറിച്ചുള്ള ചിന്തയും നിലനിൽക്കണം. ഈ ചിന്തയുടെ അഭാവം മൂലം, നല്ല സാമ്പത്തിക സ്ഥിതിയിലായിരുന്നിട്ടു പോലും പല കുടുംബങ്ങളും ക്ഷയിച്ച് പോയിട്ടുണ്ട്.

5 ഓരോ കുടുംബത്തിലും അംഗങ്ങൾ തമ്മിലുള്ള പരസ്പര ബന്ധത്തിന്റെ അടിസ്ഥാനം സ്നേഹമായിരിക്കണം രക്തബന്ധത്തിൽ നിന്ന് ഉരുത്തിരിയുന്ന ഈ സ്നേഹമാണ് അന്യോന്യം അംഗീകരിക്കുവാനും പരസ്പരം തെറ്റുകൾ ക്ഷമിക്കുവാനും നിങ്ങൾക്ക് പ്രചോദനമരുളേണ്ടത്. തറവാടുകൾ തമ്മിൽ ഒരിക്കലും തർക്കങ്ങൾക്കും വഴക്കുകൾക്കും പോകരുത്.

6 നിങ്ങളുടെ കുഞ്ഞു മക്കളെ വിനയത്തിലും ആത്മനിയന്ത്രണത്തിലും വളർത്തണം. ശരീര സൗന്ദര്യത്തിന്റെ അമിതമായ പ്രകടനവും അടക്ക ഒതുക്കമില്ലാത്ത വസ്ത്രധാരണവും ആപത്തിലേക്ക് നയിക്കും.

7 മൂല്യങ്ങളും പ്രചോദനങ്ങളും അടങ്ങിയ നല്ല പുസ്തകങ്ങൾ കുട്ടികൾക്ക് വായിക്കുവാൻ നൽകണം. അവർ ചീത്ത പുസ്തകങ്ങൾ വായിക്കുന്നത് വൈക്കോലിൽ തീ സൂക്ഷിക്കുന്നതിന് തുല്യമത്രേ

8 മക്കളുടെ നല്ല വളർത്തലിൽ നിങ്ങൾക്ക് ശ്രദ്ധയുണ്ടായിരിക്കണം അവരെ ദൈവസന്നിധിയിൽ അനുദിനം ഓർത്ത് പ്രാർത്ഥിക്കണം.

9 മക്കളുടെ വിദ്യാഭ്യാസത്തിൽ മാതാപിതാക്കൾ നല്ല ശ്രദ്ധ വയ്ക്കണം. അവരുടെ കൂട്ടുകെട്ടുകൾ തെറ്റായ വഴിക്ക് തിരിയുന്നുണ്ടോ എന്നും കൂടെക്കൂടെ_ അന്വേഷിക്കണം.

10 മക്കളെ കുറ്റപ്പെടുത്തുകയും ശിക്ഷിക്കുകയും ചെയ്യുന്ന കാര്യത്തിൽ മാതാപിതാക്കൾ വളരെ വിവേകവും മിതത്വവും കാണിക്കണം.

11 ചെറുപ്പത്തിൽ തന്നെ മക്കളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണം. അടിയുറച്ച ദൈവ വിശ്വാസത്തിൽ അവർ വളർന്ന് വരട്ടെ.

12 നിങ്ങളുടെ ദിനചര്യയിൽ നല്ല നിഷ്ഠയും ക്രമവും ഉണ്ടായിരിക്കണം അത് കുത്തഴിഞ്ഞ ഒരു പുസ്തകം പോലെ ആകരുത്.

13 മക്കൾ പ്രായമാകുമ്പോൾ തങ്ങളുടെ ജീവിതാന്തസ് തെരഞ്ഞെടുക്കുന്ന കാര്യത്തിൽ മാതാപിതാക്കൾ അവർക്ക് സ്വാതന്ത്ര്യം നൽകണം.

14 മാതാപിതാക്കൾ പ്രായാധിക്യത്തിലെത്തുന്നതിനു മുമ്പ് തന്നെ, അതായത് അവരുടെ ബോധത്തിന് ബലക്ഷയം വരുന്നതിന് മുമ്പുതന്നെ മരണപത്രം എഴുതി വയ്ക്കുകയും ഭാഗ ഉടമ്പടി ചെയ്യുകയും വേണം.

15 മക്കൾ തങ്ങളുടെ മാതാപിതാക്കളെ എപ്പോഴും ആദരിക്കണം അവരുടെ വാർദ്ധക്യത്തിലും രോഗാവസ്ഥയിലും അവരെ പൊന്നുപോലെ സംരക്ഷിക്കണം എങ്കിൽ അവർക്ക് ദൈവാനുഗ്രഹം സമൃദ്ധമായി ലഭിക്കും.

16 നിങ്ങളുടെ സ്നേഹ ബന്ധങ്ങൾ വിവേകപൂർണ്ണമായിരിക്കണം. ധാർമികതയുള്ളവരുമായി മാത്രമായിരിക്കണം നിങ്ങളുടെ സമ്പർക്കവും കൂട്ടു കെട്ടുകളും.

17 വൈരാഗ്യത്തോടെ മറ്റുള്ളവരോടു പ്രതികരിക്കുന്നത് മൃഗീയ സ്വഭാവമാണ്. എന്നാൽ മനുഷ്യമനസ്സിന്റെ ശക്തിയും വൈശിഷ്ട്യവും അടങ്ങിയിരിക്കുന്നതു വിവേകവും ക്ഷമയും പ്രകടിപ്പിക്കുന്നതിലത്രെ.

18 സഹോദരങ്ങൾക്കും മറ്റ് കുടുംബാഗങ്ങൾക്കും എതിരായ കേസുകൾ കോടതിയിലേക്ക് വലിച്ചിഴക്കരുത്. ഹൃദയങ്ങൾ തമ്മിൽ കൂടുതൽ അകലുവാൻ അതുകാരണമാകും.

19 മറ്റുള്ളവരോട് കടം വാങ്ങിച്ച് ചെലവ് ചെയ്യാതിരിക്കാൻ പരിശ്രമിക്കുക. അല്ലെങ്കിൽ അതിന്റെ കടബാധ്യത പിൻതലമുറകൾക്ക് ഭാരമാകും.

20 നീ സമ്പന്നനാണെങ്കിൽ അത് കൊട്ടിഘോഷിക്കരുത്, വിനീത ഭാവത്തോടെ ജീവിതം നയിക്കുവാൻ പരിശ്രമിക്കുക. വിവാഹം തുടങ്ങിയ ആഘോഷങ്ങളിൽ ആഢംബരം ഉപേക്ഷിക്കുക, ഒരു വൈക്കോൽ തുറുവിൽ ആളിക്കത്തുന്ന തീ

നൈമിഷികമാണ് എന്നാൽ ഒരു വിളക്കിൽ സദാ കത്തി നിൽക്കുന്ന ചെറിയ അഗ്നിനാളം കൂടുതൽ ശ്രേഷ്ഠം മത്രെ.

ആഷ്മിബാബു

-

# അമ്മയും കുഞ്ഞും

ഒരു അമ്മയും കുഞ്ഞും ഉണ്ടായിരുന്നു. അവർക്ക് ഭർത്താവ് ഇല്ലായിരുന്നു . അവരുടെ ഭർത്താവ് ഒരു കാർ അപകടത്തി മരിച്ച പോയി. അവർ രണ്ടുപേർ മാത്രമാണ് ജീവനോടെ രക്ഷപെട്ടത് . കുഞ്ഞും അമ്മയുടെ ഒരു കണ്ണ് പോയിരുന്നു. അവരുടെ മകനെ വളർത്താൻ വേ അമ്മ കുറേ കഷ്ട്പ്പെ ട്ടു അങ്ങനെ മകനെ പഠി സ് കൂളും എന്ന കടമ്പ കഴിഞ്ഞ് കോളെജില് കയറി ആ കോളെജിലെ നന്നായി പഠിക്കുന്ന ഒരു കുട്ടിയായിരുന്നു അവിടെ അവനെ ഇഷ്ട്മായിരിന്നു അവന് ആകെ ഉള്ള വിഷമമായിരിന്നു അമ്മ. ഒരു കണ്ണുപൊട്ടിയായിരുന്ന ഈ കാരണം മൂലം അവനെ കണ്ണുപൊട്ടിയുടെ മോനെ എന്നെ വിളിക്കും എന്ന് വിചാരിച്ച് അവൻ പറഞ്ഞു എന്നെ ഇനി കാണാൻ ഇവിടെ വരരുത് എന്ന് പറഞ്ഞു അത് എന്നെ ഏതെങ്കിലും ഹോസ്ററിൽ നിന്ന് എനിക്ക് പഠിച്ചാൽ മതി മകൻ പറഞ്ഞതുപോലെ മകനെ ഹോസ്ററലിൽ നിർത്തി പഠിപിച്ച എന്നിട്ടും അവന് സമാധാനംകിട്ടിലാ ഒരു ദിവസം അവൻ നാട്ടുവിട്ടു പോയി കുറെ വർഷങ്ങളായി മകനെ കുറിച്ച് വിവരം ഒന്നും കിട്ടിയിലാ ഒരു നാട്ടുകാരൻ വഴി അവരുടെ മകൻ എവിടെ ആണെന്ന് മനസിലാക്കി ബാംഗ്ളൂരിൽ അവിടെയാണെന്ന് മനസിലാക്കിയ അമ്മ ബാംഗ്ളൂരിൽ ചെന്നപ്പോൾ അമ്മയുടെ മകൻ അമ്മയെ ആട്ടിയിറക്കി . നിങ്ങൽ ഒരു പെട്ടകണ്ണിയാണ് എന്ന് അറിഞ്ഞാൽ കെട്ടിവലൾ എന്നെ വിട്ടുപോകും . ഇത് കേട്ട് അമ്മ കരഞ്ഞുപോയി കുറെ മാസങ്ങൽക്ക് ശേഷം അവൻ പഠിച്ച സ്കൂളിൽ സ്വീകരണം ഉണ്ടായിരുന്നു. ഏററവും നന്നായി പഠിച്ച് ഇറങ്ങി പോയവർക്ക് ഒരു സീകരണം ഉണ്ടായിരുന്നു . അവൻ പഠിച്ച സ്കൂളിലെ സീകരണം കഴിഞ്ഞശേഷം അവിടെ വന്നിട്ട് അമ്മയെ കാണാത്തതുകാരണം നാട്ടുകാർ എന്തുപറയും എന്ന് വിചാരിച്ചിട്ട് അവൻ അമ്മയെ കാണാൻപോയി . മകന് അമ്മയെ കാണാൻ കഴിഞ്ഞതിൽ സന്തോഷമായി ......

അശ്വതി ശശി

# മാഗ് ലെവ്ട്രെയിനുകൾ – ചക്രങ്ങളില്ലാത്ത അതിവേഗ ട്രെയിനുകൾ



മാഗ് ലെവ് എന്നത് മാഗ്നെറ്റിക് ലെവിറ്റേഷൻ ( magnetic levitation) എന്നതിന്റെചുരുക്കപ്പേരാണ് .അതിശക്തമായ ഒരു കാന്തിക ബലത്തിന്റെ സഹായത്തോടെ ഒരു വസ്തുവിനെ വായുവിൽ സ്വതന്ത്രമായി ഉയർത്തി നിർത്തുന്നതിനെയാണ് മാഗ്നെറ്റിക് ലെവിറ്റേഷൻ എന്ന് പറയുന്നത് .ഉയർത്തപ്പെടുന്ന വസ്തുവിനെ ലീനിയർ മോട്ടോറിന്റെ തത്വത്തിൽ ട്രാക്കിൽ ഘടിപ്പിച്ചിരിക്കുന്ന ഉപകരണങ്ങളുടെ സഹായത്തോടെ വലിയ വേഗതയിൽ ചലിപ്പിക്കാൻ കഴിയും .ഇതാണ് പൊതുവായി മാഗ്നെറ്റിക് ലെവിറ്റേഷൻ അതിവേഗ ട്രെയിനുകളുടെ പ്രവർത്തന തത്വം .ഈ സംവിധാനത്തിന് ചക്രങ്ങളുടെയോ ,പാന്റോഗ്രാഫിന്റെയോ ആവശ്യം ഇല്ല .അതിനാൽ തന്നെ അതിവേഗതയിൽ ചലിക്കുമ്പോൾ സാധാരണ അതിവേഗ ട്രെയിനുകൾ നേരിടേണ്ടിവരുന്ന പല പ്രശ്നങ്ങളും മാഗ് ലെവ് ട്രെയിനുകൾക്ക് ഒഴിവാക്കാൻ കഴിയുന്നു.

ജർമൻ കാരനായ ഹെർമൻ കെമ്പെർ(Hermann Kemper ) ആണ് മാഗ്നെറ്റിക് ലെവിറ്റേഷൻ തത്വങ്ങളുടെ ആദ്യ പേറ്റന്റ് സ്വന്തമാക്കുന്നത് .എഴുപതുകളുടെ അവസാനം ജർമനിയിലെ ഹാംബർഗിൽ ഒരു കിലോമീറ്ററിൽ താഴെ നീളമുള്ള ഒരു ചെറിയ പരീക്ഷണ മാഗ്നെറ്റിക് ലെവിറ്റേഷൻ ട്രെയിൻ സംവിധാനം നിർമ്മിക്കപ്പെട്ടു.

നിലവിലുള്ള മാഗ് ലെവ് ട്രെയിൻ സംവിധാനങ്ങളിൽ രണ്ടുതരം സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത് .ഇലെക്ട്രോമാഗ്നെറ്റിക് സസ്‌പെൻഷൻ (Electromagnetic suspension (EMS) ) ഇലക്ട്രോ ഡയനാമിക് സസ്‌പെൻഷൻ (Electrodynamic suspension (EDS) ) എന്നിവയാണ് അവ .അതിശക്തമായ

കാന്തിക ബലം നിർമിക്കുന്ന നിർമിക്കുന്ന രീതികളിലെ വ്യത്യാസം ആണ് ഈ രണ്ടു സാങ്കേതിക വിദ്യയുടെയും പ്രത്യേകത.

അശ്വവിൻ സുരേഷ്

## മഴക്കാലം

എൻ മഴയേ നി വന്നടുക്കുമ്പോൾ
എൻ  മനസിൽ  ഒരു കുളിരുപോലെ
നിൻ  ശബ്ദ്ം കേൾക്കുമ്പോൾ എൻ
കാതുകൾക്ക് ഒരു മൂളിപ്പാട്ടുപോലെ
എൻ മഴയേ....നി വന്ന്പേയുമ്പോൾ
വരണ്ട് കിടക്കുന്ന മുറ്റമെല്ലാം വറ്റി
പോയ തോട്,പുഴ,ഇവയെല്ലാം
നിറഞ്ഞ്മെത്തും.അപ്പോൾ എൻ
ചുണ്ടുകൾ പുഞ്ചിരിക്കും,നി
പെയുന്നത് കാണുമ്പോൾ
എൻ കൈകൾ കുളിരുന്നു

*എബി ബൈജു*

# അമ്മയും കുഞ്ഞും

## അശ്വതി സുരേഷ്

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു ചെറിയ കുടുംബമുണ്ടായിരുന്നു. ആ കുടുംബത്തിൽ അമ്മയും ഒരു പിഞ്ചുകുഞ്ഞുമാണുള്ളത്.ആ കുടുംബം ഒരു ദരിദ്രകുടുംബമായിരുന്നു. കാലങ്ങൾ കഴിഞ്ഞു 5 വയസ്സ് പ്രായമുള്ള കുട്ടിയായി അവള് വളർന്നു അവളുടെ പേര് മീന എന്നായിരുന്നു. അമ്മ പറഞ്ഞാൽ അവള് ഒന്നും അനുസരിക്കില്ലായിരുന്നു.

ഒരു ദിവസം രാവിലെ അന്ന് സ്കൂൾ ഉണ്ടായിരുന്നു അവൻ സ്കൂളിൽ പോയി അവളുടെ അമ്മ ഒരു വീട്ടുവേലക്കാരിയായിരുന്നു അന്ന് അവൾക്ക് അവധിയായിരുന്നു. അവളുടെ അമ്മ ജോലിക്കു പോയി. അവൾ തന്നെയായി. ആ വീടിന്റെ അടുത്ത് വലിയൊരു മലയുണ്ടായിരുന്നു അതിനുപുറകിൽ ഒരു പുഴയുണ്ടായിരുന്നു.അവൾക്ക് അവിടെ പോണമെന്ന് ആഗ്രഹമുണ്ടായിരുന്നു.അവളുടെ അമ്മ ജോലിക്കുപ്പോയപ്പോൾ അവൾ ഒരു പൊതി ബ്രഡ് എടുത്ത് വീടുപൂട്ടി മലയിൽ പോവാൻ ഇറങ്ങി . അവൾ നടന്നുപോയ്ക്കൊണ്ടിരുന്നപ്പോൾ ആടുമേയച്ച നടക്കുന്ന ഒരു കുട്ടിയെ കണ്ടു. മീന ചോദിച്ച ഇവിടെയുള്ള പുഴയിലേക്ക് എത്ര ദൂരമുണ്ട്?
ആ കുട്ടി പറഞ്ഞു.ഇനിയും ഒരു 20 മൈൽ കൂടിയുണ്ട് നടന്നുനടന്ന് അവൾ മടുത്തു.അവളുടെകൈയിലിരുന്ന ബ്രഡിൻറ പകുതി അവൾ തിന്നു.നേരം രാത്രി ആവാറായിരുന്നു.അവൾ പുഴയുടെ അടുത്ത് എത്തിയില്ല.അവൾ തിരിച്ചുപോരാൻ തുടങ്ങി.പക്ഷേ അവൾക്ക് തിരിച്ചുപോരാൻ വഴിയറിയില്ലായിരുന്നു.അവളുടെ കൈയിൽ വെട്ടമില്ലായിരുന്നു.അവളുടെ അമ്മ അവളോടു പറഞ്ഞിട്ടുണ്ടായിരുന്നു നീ അങ്ങോട്ട് പോകണ്ടാ എന്ന്.അവൾക്ക് വഴിയറിയാതിരുന്നപ്പോൾ അവൾ ആഗ്രഹിച്ചു.അമ്മ പറഞ്ഞത് ഞാൻ കേട്ടിരുന്നെങ്കിൽ. അപ്പോഴാണ് അവൾക്ക് അമ്മയുടെ വില മനസ്സിലായത്.അതിൽപിന്നെ അവൾ അമ്മ പറയുന്നതെല്ലാം അനുസരിക്കാമായിരുന്നു.ഈ സംഭവത്തോടെ അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധം അവൾക്ക് മനസിലായി.

# പെയ്തൊഴിയുമ്പോൾ

എൻ മഴയേ നീ വന്നടുക്കുമ്പോൾ
നിൻ ശബ്ദം കേൾക്കുമ്പോൾ എൻ
കാതുകൾക്ക് ഒരു മൂളിപ്പാട്ടുപോലെ
എൻ മഴയെ... നീ വന്നു പേയ്യുമ്പോൾ
വരണ്ട് കിടക്കുന്ന മിറ്റമെല്ലാം വറ്റി-
പോയ തോട്,പുഴ ഇവയെല്ലാം നിറഞ്ഞ്-
മെത്തും.അപ്പോൾ എൻ ചുണ്ടുകൾ
പുഞ്ചിരിക്കും, നീപെയ്യുന്നത് കാണുമ്പോൾ
എൻ കൈകൾ നിന്നെ തഴുകാൻ ഓടിയെത്തും
എൻ മഴയെ നിന്നെ കാണാൻ എന്ത് ഭംഗിയാണ്
നിൻ മൂളിപ്പാട്ട് കേൾക്കാൻ എന്ത് രസമാണ്!
എൻ മഴയെ നീ അകന്നു പോകുമ്പോൾ
എൻ ഉള്ളം തേങ്ങം ! നീ ഞങ്ങൾക്ക്
പ്രകൃതി തന്ന ഒരു വരതാനമാണ് നീ

### സഫലമീയാത്ര

ആർദ്രമീ ധനുമാസരാവിലൊന്നിൽ
ആതിരവരും പോകുമല്ലേ സഖീ ഞാനീ
ജനലഴി പിടിച്ചൊട്ടു നിൽക്കട്ടെ, ഇപഴകു-
ടൊരു ചുമയ്ക്കടറിവീഴാം
വ്രണിതമാം കണ്ഠത്തിലിന്നു നോവിത്തിരി
ക്കുറവുണ്ട്, വളരെ നാൾക്കുടി
നേരിയ നിലാവിന്റെ പിന്നിലെ ഇരുളിമയിൽ നീലിമിൽ,-
എന്നോ പഴകിയൊരോർമ്മകൾ മാതിരി,
നിന്നു വിറക്കുമീയേകാ

ഗായോസ് ജോഷി

## സ്നേഹം

*രാമപുരം എന്ന സ്ഥലം അവിടെ ഒരു വനത്തില് ഒരു കുടിലുണ്ടായിരുന്നു. കുടിലിനുള്ളിൽ പൂർണഗർണിയായ സതീയുണ് യിരുന്നു ആ സ്ത്രീ തനിച്ചായിരുന്നു . കുറച്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ  അവൾക്ക് ഒരാൺ കുഞ്ഞ് പിറന്നു. അവൾ ആ കുഞ്ഞിന്  വളരെ സ്നേ*
*ഹം പകർന്നു.ആ കുഞ്ഞിനെ കാണൻ അവളെ പോലേ  തന്നെ ഉണ്ടായിരുന്നു.*
*സ്നേഹത്തി നിടെ  അവളുടെ കഷ്ടതകൾ ഒന്നും അല്ലാതായി. കുറച്ച നാൾ അങ്ങനെ ആയി.  ഒരു  ദിവസം അവൾ  അവളുടെ കുഞ്ഞിനെ ഉറക്കി കെടത്തി*
*പുറത്ത് ജോലി ചെയുകയായിരുന്നു. കുറെ*
*നേരം കഴിഞ്ഞ്  അവളുടെ വീട്ടിലേക്ക് നോക്കി. അന്നേരം കണ്ട കാഴ്ച വീട് കത്തുന്നു.ആ നിമിഷം അവൾ  പെട്ടെന്ന് ഓർത്തു തന്റെ കുഞ് അകത്ത് കിടന്ന് ഉറങ്ങുന്ന കാര്യം  ഓർത്തത്. അവൾ അകത്തേക്ക് ഓടിച്ചെന്നു.കുഞിനെ സാരിയുടെ തുമ്പിൽ വാരി എടുത്ത് കൊണ്ട് പുറത്ത് എറങ്ങി. അതിനിടയിൽ അവളുടെ കൈയും മുഖവും പൊള്ളി.*
*അവർ രണ്ടു പേരും അവിടെ നിന്ന് ഓടി രക്ഷപ്പെട്ടു.പക്ഷേ അവൾ തനിക്കും തന്റെ കുഞ്ഞിനും താമസിക്കാനുള്ള സത്ഥലം കണ്ടു പിടിക്കൻ വളരെ കഷ്ട്പെട്ടു.ഒടുവിൽ*
*അവർ ഒരു സ്ഥലം കണ്ടെത്തി.അവിടെ അവർ താമസിച്ചു. കുറെ വർഷങ്ങൾ കഴിഞ്ഞു.ആ ആൺകുട്ടി വളർന്നു.അവർ പഴയതുപോലെ നല്ല സന്തോഷത്തിലാണ്.*

ഇൻഫന്റ് ജീസസ്സ്  വാഴക്കുളം

*ഒരു ദിവസം ഈ കുട്ടി തന്റെ അമ്മയോട് ചോദിച്ചു. അമ്മേ*
*അമ്മയുടെ കൈയും*
*മുഖ വും എന്ത കറുത്തിരിക്കുന്നത്. അപ്പോൾ അവൾ തന്റെ*
*കുഞ്ഞിനെ എങ്ങനെ നോക്കിയതെന്ന് പറഞ്ഞു കൊടുത്തു.*
*അപ്പോൾ അവന് തന്റെ അമ്മയുടെ സൗന്ദര്യം*
*എല്ലാതിനെക്കാളും*
*വളരെ അധികാമാണെന്ന് തോന്നി.അവൻ അവന്റെ*
*അമ്മയോട് പറഞ്ഞു അമ്മയാണ് ഈ ലോകത്തെ*
*സുന്ദരിയാണെന്ന്.വിനു പറഞ്ഞു മുത്തശ്ശി ഇത് എന്തു നല്ല കഥ*
*ഒത്തിരി ഇഷ്ടമായി.മോനെ ഇത് കഥയല്ല*
*ശരിക്കും നടന്നതാണ്.നിനക്ക് ഈ കഥയിൽ*
*നിന്ന് എന്ത് മനസിലായി.ഈ കഥയിൽ നിന്ന് അമ്മക്ക്*
*മോനോടും മോന് അമ്മക്കും ഉള്ള സ്നേഹമാണ്. ആ*
*സ്നേഹത്തിന് പകരം കെട്ടക്കാൻ വെറൊന്നുമില്ല.ശരിയല്ലേ*
*മുത്തശ്ശി. ശരിയാണ് വളരെ ശരിയാണ്.*

ജോർജീന ജോർജ്

# തെയ്യം



കോലത്തുനാട്ടിലെ അനുഷ്ഠാന കലാരൂപമാണ് തെയ്യം. കാവുകളിലും കോട്ടങ്ങളിലും തറവാട്ടുമുറ്റങ്ങളിലുമാണ് തെയ്യക്കോലങ്ങൾ കെട്ടി ആടുന്നത്. തുലാമാസം പത്തു മുതൽ ജ്ജൂൺ അവസാനം വരെയാണ് തെയ്യക്കാലം.

മനുഷ്യൻ ദേവതാരൂപം ധരിച്ച് ഉറഞ്ഞു തുള്ളുകയും അതിലൂടെ ദേവതയെ പ്രീതിപ്പെടുത്തുകയും തിരിച്ചു ദേവത സമൂഹത്തിന് ഐശ്വര്യവും സമാധാനവും നൽകുന്ന വിശ്വാസപ്രക്രിയയാണ് തെയ്യം. അമ്മ ദൈവങ്ങൾ, മന്ത്രമൂർത്തികൾ, ഇതിഹാസ കഥാപാത്രങ്ങൾ, വനദേവതകൾ, നാഗകന്യകകൾ, വീരന്മാർ, സമൂഹത്തിലെ തിന്മകൾക്കെതിരെ പൊരുതി വീരമൃത്യുവരിച്ചവർ-ഇവരെല്ലാം തെയ്യങ്ങളായി പ്രത്യക്ഷപ്പെടാറുണ്ട്. വണ്ണാൻ, മലയൻ, മാവിലൻ, വേലൻ, മുന്നൂറ്റാൻ, അഞ്ഞൂറ്റാൻ, പുലയർ, കോപ്പാളർ തുടങ്ങിയവരാണ് സാധാരണ തെയ്യക്കോലങ്ങൾ കെട്ടുന്നത്. നിശ്ചിത തെയ്യങ്ങൾ നിശ്ചിത വിഭാഗക്കാർ മാത്രമേ അവതരിപ്പിക്കൂ.

*ചെണ്ട, വീക്കുചെണ്ട, ഇലത്താളം, കുഴൽ എന്നിവയാണ് പ്രധാന വാദ്യോപകരണങ്ങൾ. പുലയർ മുതലായ സമുദായക്കാർ തുടിയും ഉപയോഗിക്കാറുണ്ട. തോറ്റം പാട്ടുകളിലൂടെയാണ് അതാതു തെയ്യത്തിന്റെ ഉല്പത്തിയും മറ്റു പ്രത്യേകതകളും വിവരിക്കുന്നത. തോറ്റമുള്ള തെയ്യങ്ങൾക്ക് ഉച്ചത്തോറ്റം, അന്തിത്തോറ്റം എന്നിവ ഉണ്ടാകും. തോററത്തേക്കാൾ വേഷവും ഉടയാടകളും വെള്ളാട്ടത്തിന് ഉണ്ടാകും. മുഖത്ത് തേപ്പും തലയിൽ ചെറിയ മുടിയും വെക്കും. എല്ലാ തെയ്യങ്ങൾക്കും വെള്ളാട്ടമുണ്ടാകാറില്ല. തോറ്റമോ വെള്ളാട്ടമോ ഇല്ലാത്ത തെയ്യങ്ങൾക്ക് കൊടിയില വാങ്ങുന്ന ചടങ്ങു മാത്രമേ കാണുകയുള്ളൂ. ഒരോ തെയ്യത്തിന്റേയും സ്വഭാവത്തിന് അനുസരിച്ചു കൂടിയാണ് മുഖത്തെഴുത്തും മുടിയും ആടയാഭരണങ്ങളും. ഉടയിലും മുടിയിലും തീപന്തങ്ങൾ വെച്ചാടുന്ന തെയ്യങ്ങൾ ഉണ്ട. തീച്ചാമുണ്ടി പോലുള്ള തെയ്യങ്ങൾ അഗ്നിയിൽ ചാടും. കൊല്ലത്തിലൊരിക്കലാണ് കാവുകളിലും മററും തെയ്യം കെട്ടിയാടുന്നത. ഇതിനെ കളിയാട്ടം എന്നും പറയും. വളരെ കാലം കൂടി നടത്തുന്നതിനെ പെരുങ്കളിയാട്ടം എന്ന വിളിക്കും.*

ജിൽസ് റോയ്

## ഐ.ടി. ക്വിസ്

1. ലോകത്തിലെ ആദ്യ മൈക്രോപ്രൊസസർ?

- Intel 4004 (1971)

2. എത്ര ബിറ്റ് പ്രൊസസറായിരുന്നു ഇന്റൽ 4004?

- നാല് ബിറ്റ്

3. മൊബൈൽ ഉപകരണങ്ങളിൽ ഇന്റലിനെക്കാൾ പ്രചാരമുള്ള ആർക്കിടെക്ചറാണ് ARM. എന്താണ് ARM-ന്റെ പൂർണരൂപം?

- Advanced RISC Machine

4. GPU-വിന്റെ പൂർണരൂപം?

- Graphics Processing Unit

5. എന്താണ് MMU?

- Memory Management Unit

6. SD Card-ലെ SD എന്തിനെ സൂചിപ്പിക്കുന്നു?

- Secure Digital

7. ഒന്നിലേറെ സംഭരണോപകരണങ്ങളെ (ഉദാ: വ്യത്യസ്ത ഹാർഡ് ഡിസ്കുകൾ) സമന്വയിപ്പിച്ചുപയോഗിക്കാനുള്ള സാങ്കേതികവിദ്യയാണ് RAID. എന്താണ് ഇതിന്റെ പൂർണരൂപം?

- Redundant Array of Independent Disks (ആദ്യകാലത്ത് Redundant Array of Inexpensive Disks)

8. എന്താണ് വൊളറ്റൈൽ മെമ്മറി (Volatile Memory)?

- വൈദ്യുതബന്ധമുള്ളപ്പോൾ മാത്രം വിവരങ്ങൾ ശേഖരിച്ചുവയ്ക്കാൻ കഴിവുള്ള മെമ്മറി. റാം (RAM) ഇതിനൊരുദാഹരണമാണ്.

9. യു.എസ്.ബി.യുടെ പൂർണരൂപം?

- Universal Serial Bus

10. USB 1.0 പുറത്തിറങ്ങിയ വർഷം? - 1996

ജിഷ്ണ എ. കെ

# സമയം ഒരു വിസ്മയം



വസ്തുവിന്റെ സാന്നിധ്യമാണ് സ്ഥലമെങ്കിൽ സമയം സ്ഥലത്തിൽ കൂടിയൊഴുകുന്നു. സ്ഥലം ഒരു വക്രതലമെങ്കിലോ, സമയം ചാക്രികമായിരിക്കും. ഈ പ്രപഞ്ചം വക്രതലമാണെന്നും അനന്തതയിൽ സമാന്തര രേഖകൾ കൂട്ടിമുട്ടുമെന്നും ഉന്നതരായ ശാസ്ത്രജ്ഞർ ഊഹിക്കുന്നു. ഈ വക്രതല പ്രപഞ്ചത്തെ നമുക്ക് കാളവണ്ടിയുടെ ചക്രത്തോട് ഉപമിച്ചാലോ, ചക്രത്തിലെ പാർശ്വങ്ങളിൽ സംഭവങ്ങളുടെ ചിത്രം കൊണ്ട് നിറയ്ക്കാം. ചക്രത്തെ ഒരു ദിശയിലേക്ക് കറക്കിയാൽ ചിത്രങ്ങൾ നമ്മുടെ മുമ്പിലേക്ക് മാറിമാറിവരും. ഭാവിയിൽ നിന്ന് ഭൂതത്തിലേക്ക്, ഭാവി ഇരുണ്ട പ്രദേശത്താവട്ടെ, എന്നാൽ നാം കാണുന്നത് ഭൂതത്തിലെത്തിയ ചിത്രങ്ങൾ മാത്രമായിരിക്കും. ഈ പ്രകൃക്രിയ തുടർന്നാൽ അന്ത്യം ആദ്യത്തിലേക്ക് കടക്കുന്നു. കാരണം പ്രതലം ചാക്രികമാണല്ലോ. മഹാ വിസ്ഫോടനം ആവർത്തിക്കാനുള്ള സാധ്യതയെ ശാസ്ത്രം തള്ളുന്നില്ല എന്നത് ഇവിടെ സ്മരണീയമാണ്. ചക്രോപരിതലം മറ്റൊരു ചക്രമായി പരിണമിക്കാനുള്ള സാധ്യതയും തള്ളാവതല്ല. ചക്രങ്ങൾ ഒന്നിലധികമാവാം. അങ്ങനെ ശിക്ഷയുടെയും രക്ഷയുടെയും ലോകമായി ആവർത്തിക്കുമോ. സമയത്തിന് തുടക്കവും ഒടുക്കവുമുണ്ട്. ഒരു വൃത്തത്തിന്റെ ഓരോ ബിന്ദുവും ആദ്യവും അന്ത്യവുമാണല്ലോ.

ലോറൻസ് സർവവിജ്ഞാനകോശത്തിലെ രണ്ടുവരികൾ ഇവിടെ കുറിക്കാം: 'ഒരു സെക്കണ്ടിന്റെ വളരെ ചെറിയ അംശം കൊണ്ട് തുടങ്ങി വളരെ പെട്ടെന്ന് പ്രപഞ്ചവും സമയവും സ്ഥലവും സൃഷ്ടിക്കപ്പെട്ടു' -10-20 ബില്യൻ വർഷങ്ങൾക്ക് മുമ്പ് സംഭവിച്ചതായി കരുതപ്പെടുന്ന മഹാവിസ്ഫോടനത്തെ കുറിച്ചാണീ പറഞ്ഞത്.

സമയം രണ്ട് സംഭവങ്ങളുടെ ഇടവേളയാണ്. ഐൻസ്റ്റീന്റെ ആപേക്ഷിക സിദ്ധാന്തത്തോടനുബന്ധിച്ച നിഗമനമാണിത്. ഈ ഇടവേളയെക്കുറിച്ച് നമുക്ക് മനസിലാക്കാൻ ശ്രമിക്കാം. ഒരുപക്ഷെ സമയത്തെക്കുറിച്ച് എന്തെങ്കിലും മനസിലായി എന്നുവരാം.

സൂര്യനെ ചുറ്റിക്കറങ്ങുന്ന നമ്മുടെ ഭൂമിയെ തന്നെ ഉദാഹരിക്കാം. ഭൂമി ഭ്രമണപഥത്തിലെ ഒരു ബിന്ദുവിൽ നിന്നും കറങ്ങിത്തുടങ്ങി അതേ ബിന്ദുവിനെ സമീപിക്കുമ്പോൾ രണ്ട് സംഭവമാണിവിടെ സംഭവിച്ചത്. ഈ രണ്ടു സംഭവങ്ങളുടെ ഇടവേളയാണ് ഭൂമിയുടെ ഭ്രമണസമയം. ഇത് മാസവും, ദിവസവും മണിക്കൂറും സെക്കണ്ടുമായി വിഭജിക്കുന്നു. മറ്റ് ഇടവേളകളെ ഈ സമയത്തോട്

ബന്ധപ്പെടുത്തി, ആപേക്ഷികമായി സമയത്തെ ക്ലിപ്തപ്പെടുത്തുന്നു.
സെക്കണ്ട് നമ്മുടെ സമയത്തിന്റെ യൂണിറ്റാണ്. ഭൂമിയുടെ ഭ്രമണത്തിലുള്ള മന്ദഗതി സെക്കണ്ടിനെ ബാധിക്കുമെന്ന് മുമ്പ് പറഞ്ഞുവല്ലോ.
ആറ്റോമിക്ക് ക്ലോക്കിന്റെ കണ്ടുപിടിത്തത്തോടെ ഈ പ്രശ്നം പരിഹരിച്ചു. അറ്റോമിക്ക് ക്ലോക്കിലെ സിസിയം 133 എന്ന ലോഹ ഐസോട്ടോപ്പിന്റെ കമ്പനത്തെ ആസ്പദമാക്കി സെക്കണ്ട് കണക്കാക്കുന്നു. സീസിയം 133 ൽ നിന്ന് ന്യൂട്രോൺ ബഹിർഗമിക്കുമ്പോൾ ഒരു സെക്കണ്ടറിൽ 912631770 പ്രാവശ്യം കമ്പനം ചെയ്യുന്നു. ഈ ആറ്റോമിക്ക് പ്രതിഭാസം ബാഹ്യമായ ഒന്നുകൊണ്ടും ഏറ്റക്കുറച്ചിലിന് വിധേയമാകുന്നില്ല.
രണ്ട് സംഭവങ്ങളുടെ ഇടവേളയാണല്ലോ സമയം. രണ്ട് സംഭവം എന്നത് രണ്ട് മാറ്റമാണ്. ഇതിനിടയിൽ വസ്തുവിന് മാറ്റമില്ലാതെ തുടരുന്ന അവസ്ഥയാണ് ഇടവേള. ഈ ഇടവേള മാറ്റത്തിന്റെ വേഗതയനുസരിച്ച് കുറയുകയോ, കൂടുകയോ ആവാം. അപ്പോൾ മാറ്റത്തിന്റെ വേഗതയാണ് സമയം. മാറ്റത്തിനനുസരിച്ച് ഇത് കുറയുകയോ കൂടുകയോ ചെയ്യുന്നു. സമയം ദീർഘിക്കുന്നു. ഇടവേളയും ദീർഘിക്കുന്നു.
പ്രകാശത്തിന്റെ തൊണ്ണൂറുശതമാനം വേഗതയിൽ ഒരാൾ സഞ്ചരിക്കുകയാണെങ്കിൽ അയാൾക്ക് 45 ശതമാനം ലാഭിക്കാമെന്ന് ഐൻസ്റ്റീൻ ഗണിതത്തിൽ കൂടി തെളിയിച്ചിട്ടുണ്ട്. വസ്തുവിന് മാറ്റങ്ങൾ ഒന്നും തന്നെ സംഭവിക്കുന്നില്ലെങ്കിൽ, ആ വസ്തുവിനെ സംബന്ധിച്ചിടത്തോളം അതിന് സമയമില്ല. പക്ഷെ പ്രപഞ്ചത്തിലെ സർവ വസ്തുക്കളും മാറ്റത്തിന് വിധേയമാണ്. കാലം എന്ന പ്രതിഭാസം ഭാവനയിൽ ഒരു ചാക്രിക സംഭവമായി ഗണിച്ചാൽ കാലം ഭാവിയിൽ നിന്നും ഭൂതത്തിലേക്ക് കടക്കുന്നു. അപ്പോൾ ഭാവിയും ഭൂതവും വേർതിരിക്കുന്ന രേഖ അനന്തമായിരിക്കും. കടന്നുപോകുന്ന സമയമോ വളരെ വളരെ തുച്ഛമായിരിക്കും. ഒരു അട്ടോ സെക്കണ്ട് പോലും ആവില്ല. അപ്പോൾ കാലത്തിൽ വർത്തമാനമില്ലെന്ന് പറയാം.

കാർത്തിക് രാജൻ

# പഴഞ്ചൊല്ലുകൾ

അങ്ങാടിയിൽ തോറ്റതിന് അമ്മയോട്.

അഞ്ചു വിരലും ഒരുപോലെയോ?

അടി കൊണ്ടാലും അമ്പലത്തിൽ കിടക്കണം.

അടികൊള്ളുവാൻ ചെണ്ട പണം വാങ്ങുവാൻ മാരാൻ

അടിവഴുതിയാൽ ആനയും വീഴും

അട്ടയെപ്പിടിച്ച് മെത്തയിൽ കിടത്തിയാൽ അത് കിടക്കുമോ?

അരമനരഹസ്യം അങ്ങാടിപ്പാട്ട്.

ആട് കിടന്നിടത്ത് പൂട പോലുമില്ല.

എലിയെ പേടിച്ച് ഇല്ലം ചുടുക.

ഏച്ച് കെട്ടിയാൽ മുഴച്ചിരിക്കും.

ഒരു പറ്റ് ആർക്കും പറ്റും.

ഒരു വെടിക്കു രണ്ടു പക്ഷി.

ഒത്ത് പിടിച്ചാല് മലയും പോരും

ഒരുത്തനും കരുത്തനും വണ്ണാത്താനും വളിഞ്ചിയനും കൃഷിയരുത്

ഒരുത്തനെ പിടികുകിൽ കരുത്തനെ പിടിക്കേണം

ഒരുദിവസം തിന്നചോറും കുളിച്ചകുളവും മറക്കരുത്


ഒരുമ ഉണ്ടെങ്കിൽ ഉലക്കമെലും കിടക്കാം

ഒരു ഒല എടുത്താൽ അകവും പുറവും വായിക്കേണം ഒരു വെനല്ക്ക ഒരു മഴ

ഒറ്റമരത്തിൽ കുരങ്ങുപൊലെ

മനീഷ കെ.എം

# ചെർണോബിൽ ദുരന്തം




ഒരു ആണവോർജ്ജ റിയാക്ടറിൽ ചരിത്രത്തിൽ നടന്ന ഏറ്റവും വലിയ അപകടമാണ് ചെർണോബിൽ ന്യൂക്ലിയർ ദുരന്തം. ഇതിന്റെ ഫലമായി ആണവ റിയാക്ടറിനു സാരമായ തകരാർ സംഭവിച്ചു.

റിയാക്ടറിന്റെ രൂപകൽപനയിലെ പിഴവുകളും ഓപ്പറേറ്റർമാരുടെ പിഴവുകളും കാരണമാണ് ദുരന്തം സംഭവിച്ചത്.ചെർണോബിൽ ആണവനിലയത്തിലെ നാലാം നമ്പർ റിയാകട്റിൽ സംഭവിച്ച സുരക്ഷാ പിഴവു പരിഹരിക്കുന്നതിനുള്ള പരീക്ഷണങ്ങൾക്കിടയിലാണ് അപകടം സംഭവിച്ചത്. റിയാക്ടർ എമർജൻസ് ഷട്ട്ഡൗൺ ചെയ്യുമ്പോൾ അതിന്റെ ഇന്ധനഅറയിലെ ചൂട് കുറക്കാനായി വെള്ളം പമ്പു ചെയ്യണം. ഇതിനായി വെള്ളം പമ്പ് ചെയ്യുന്ന എമർജൻസി പമ്പുകൾക്ക് പവർ നൽകുന്ന ജനറേറ്ററുകൾ അതിന്റെ മുഴവൻ കപാസിറ്റിയിൽ എത്താൻ ഒന്നര മിനിട്ട് സമയം എടുക്കുന്നുവെന്നത് കണ്ടെത്തി .

മരിയ ജോഷി

# മുന്നറിയിപ്പ് നൽകി ശാസ്ത്രലോകം



ഭൂമിയിൽ മനുഷ്യന്റെ ആയുസ്സ് ഇനി ആയിരം വർഷത്തിൽ താഴെ മാത്രമെന്ന് വിഖ്യാത ശാസ്ത്രജ്ഞ്ൻ സ്റ്റീഫൻ ഹോക്കിൻസ്. മനുഷ്യന് ഇനി അധികകാലം ഭൂമിയിൽ പിടിച്ച് നിൽക്കാനാകില്ലെന്നും അത്കൊണ്ട് തന്നെ സ്ഥിരമായി ബഹിരാകാശത്തേക്ക് പോകാൻ നാം ശീലിക്കണമെന്നമാണ് ശാസ്ത്രകാരന്റെ പക്ഷം.ഒരു ആണവ യുദ്ധമോ, വൈറസ് ആക്രമണമോ പോലെയുള്ള മനുഷ്യ നിർമ്മിത ദുരന്തം തന്നെയാകാം ലോകത്തിന്റെ അവസാനത്തിലേക്ക് നയിക്കുകയെന്നും അദ്ദേഹം പറഞ്ഞു.

സൂരജ് ഇ എസ്